# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം

# ഫറവോന്

# വിട!



എഴുതിയത് : Edward Hughes

ഉദാഹരണം : Janie Forest; Alastair Paterson

അംഗികരിച്ചത് : Lyn Doerksen

തർജ്ജിമ ചെയുതത് : Rev. Benny

നിർമ്മിച്ചത് : Bible for Children
www.M1914.org

©2021 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.



ഫറവോൻ കുപിതനായിരുന്നു.
യിസ്രായേല്യ അടിമകൾ
മിസ്രയീം വിട്ടുപോകേതിന്
അനുവദിക്കുകയെന്ന്
മോശെയിലൂടെ ദൈവം
ഫറവോനോട് കല്പിച്ചു.



അവൻ അനുസരിച്ചില്ല.
“അവരെക്കൊണ്ട് കഠിനവേല
ചെയ്യിക്കുക,”
ഫറവോൻ അടിമകളുടെ
യജമാനന്മാർക്ക്
ആജ്ഞ കൊടുത്തു.



അങ്ങനെ
യിസ്രായേല്യർക്കു
സകലവും
കഠിനമായിത്ത-
ീർന്നിരിക്കുന്നു.

“നിങ്ങൾ തന്നെ കച്ചി സ്വരൂപിച്ചുകൊള്ളണം. ഇനിമുതൽ ഞങ്ങൾ അത് തരികയില്ല. എന്നാൽ ഇഷ്ടിക ഉാക്കുന്നതിന്റെ എണ്ണം കുറയാനും പാടില്ല.” ഫറവോന്റെ



പുതിയ ആജ്ഞയായിരുന്നു അത്.


എണ്ണം കുറയാതെ
ഇഷ്ടിക ഉാക്കി
കൊടുക്കേിവന്നപ്പോൾ
കച്ചി ശേഖരിക്കുവാൻ
സമയം കത്തൊൻ
കഴിയാതെ ...

... പോയതിന്റെ
പേരിൽ ചില
അടിമകളെ യജമാനന്മാർ

തല്ലുവാനും തുടങ്ങി.





അഹരോനും
മോശെയും
തങ്ങൾക്കു
വരുത്തിയ
കഷ്ടത്തിന്റെ
പേരിൽ

ജനങ്ങൾ
അവരെ കുറ്റം
പറഞ്ഞു.



മോശെ പ്രാർത്ഥിക്കുവാനായി
ഒരു സ്ഥലം
കത്തെി.
“ദൈവമേ നീ
നിന്റെ ജനത്തെ
ഇതുവരെയും

വിടുവിച്ചില്ലല്ലോ,”
മോശെ കരഞ്ഞു.



ദൈവം
മോശെക്ക്
ഉത്തരമരുളി.
“ഞാൻ
ദൈവമാകുന്നു
ഞാൻ നിങ്ങളെ

വിടുവിക്കും.”

ദൈവം
മോശെയെയും
അഹരോനെയും
ഫറവോന്റെ
അടുത്തേക്ക്



വീും
അയച്ചു.

ദൈവത്തിൽനിന്നു
ഒരു അടയാളം
കാണിക്കണമെന്നു
ശക്തനായ ആ
ഭരണാധികാരി



ദൈവത്തിന്റെ
ദാസന്മാരോട് ...

...
ആവശ്യപ്പെട്ടപ്പോൾ
അഹറോന്റെ
വടി ഒരു
പാമ്പായിത്തീർന്നു.





അതു കപ്പോൾ ഫറവോൻ അലറി, “എന്റെ മന്ത്രവാദികളെ വിളിക്കുക” ...

... അവർ തങ്ങളുടെ വടികൾ താഴെയിട്ടപ്പോൾ അതെല്ലാം പാമ്പായിത്തീർന്നു. എന്നാൽ അഹരോന്റെ വടി അവയെ എല്ലാം വിഴുങ്ങിക്കളഞ്ഞു.





എന്നിട്ടും ജനത്തെ
വിട്ടയയ്ക്കാൻ
ഫറവോൻ
കൂട്ടാക്കിയില്ല.

പിറ്റെ ദിവസം മോശെയും അഹരോനും നദീതീരത്തുവെച്ച് ഫറവോനെ കു.



അഹരോൻ തന്റെ വടി നീട്ടിയപ്പോൾ ദൈവം വെള്ളത്തെ രക്തമാക്കിത്തീർത്തു. മത്സ്യങ്ങളെല്ലാം ചത്തു. ജനങ്ങൾക്ക്



കുടിവെള്ളവും മുട്ടി.

എന്നാൽ ഫറവോൻ തന്റെ ഹൃദയം കഠിനമാക്കി.



യിസ്രായേല്യർ മിസ്രയീമിൽനിന്ന്
വിട്ടുപോകുവാൻ അവർ അനുവദിച്ചില്ല.





പിന്നെയും മോശെയ ഫറവോനോടു ദൈവത്തിന്റെ ജനത്തെ പോകുവാൻ. അനുവദി - ക്കണമെന്നു പറഞ്ഞു, ഫറവോൻ ഇത്തവണയും നിരസിച്ചു. ദൈവം മറ്റൊരു ബാധ അയച്ചു.



മിസ്രയീം മുഴുവനും തവളകൾകൊ്
നിറഞ്ഞു. എല്ലാ വീടുകളിലും
എല്ലാ
മുറികളിലും,
ഭക്ഷണം ഉ
ാക്കുന്നിടത്തു-
പോലും
തവളകൾ ചാടി
മറിഞ്ഞുകൊ
ിരുന്നു!



“ഞാൻ നിങ്ങളെ വിട്ടയയ്ക്കാം, ഈ തവളകളെ ഒടുക്കിക്കളയേതിന് ദൈവത്തോടു പ്രാർത്ഥിക്കുക” എന്നു ഫറവോൻ കേണപേക്ഷിച്ചു. എന്നാൽ തവള ഒടുങ്ങിയപ്പോൾ ഫറവോൻ തന്റെ ഹൃദയംകഠിനമാക്കി. അവൻ അടിമകളെ സ്വതന്ത്രമാക്കിയില്ല.

പിന്നെ ദൈവം ദശലക്ഷക്കണക്കിന് പേനുകളെ അയച്ചു. സകല മനുഷ്യരും സകല മൃഗങ്ങളും പേനിന്റെ കടികൊണ്ട് ചൊറിയാൻ തുടങ്ങി.



എന്നാൽ ഫറവോൻ ദൈവത്തിന് തന്റെ ജനത്തെ വിട്ടുകൊടുത്തില്ല.





തുടർന്ന് ദൈവം അയച്ചത്
നായീച്ചകളെയാണ്.
നായീച്ചകളുടെ
സൈന്യത്തെ, തങ്ങളുടെ
കന്നുകാലികളെ
കൊന്നുകളയാൻ ...



... ഉതകുന്ന രോഗം
ദൈവം ിസ്രയീമിലേക്ക്
അയച്ചു. വേദന
നിറഞ്ഞ പരുക്കൾ
ദൈവം അയച്ചു.





ജനമെല്ലാം ഭയങ്കരമായി
കഷ്ടപ്പെട്ടു.
ഇത്രയൊക്കെയായിട്ടും
ഫറവോൻ
ദൈവത്തോട്
എതിർത്തുനിന്നു.





പരുവിന്റെ ബാധ
കഴിഞ്ഞപ്പോൾ
ദൈവം
വെട്ടുക്കിളിയെ
അയച്ചു.



ഭൂമിയിലെ സകല
പച്ചച്ചെടികളും
വെട്ടുക്കിളി
തിന്നുകളഞ്ഞു.



പിന്നെ ദൈവം മൂന്ന് ദിവസത്തെ അന്ധകാരം വരുത്തി. എന്നാൽ മർക്കടസ്വഭാവക്കാരനായ ഫറവോൻ യിസ്രായേല്യരെ വിട്ടയച്ചില്ല.

ദൈവം മുന്നറിയിപ്പു
നല്കി; “ഞാൻ
ഒരു ബാധകൂടി
അയയ്ക്കും,
അർധരാത്രിയിൽ
സകല
മനുഷ്യരുടെയും
മൃഗങ്ങളുടെയും
ആദ്യജാതൻ
മരിക്കും.”



കട്ടിളപ്പടിമേൽ
കുഞ്ഞാടിന്റെ
രക്തം
പുരട്ടിയിരുന്നാൽ
തങ്ങളുടെ
ആദ്യജാതൻ
മരിക്കയില്ല
എന്ന് ദൈവം
യിസ്രായേൽ
മക്കളോട്
പറഞ്ഞു.





അർധരാത്രിയായപ്പോൾ
മിസ്രയീമിൽനിന്നു
ഭയങ്കരമായ കരച്ചിലിന്റെ
ശബ്ദം ഉയർന്നു.





മരണം ആഞ്ഞടിച്ചു.
കുറഞ്ഞപക്ഷം
എല്ലാ വീടുകളിലും
ഒരാളെങ്കിലും
മരിച്ചിട്ടു്.



ഫറവോൻ മോശെയോടു പറഞ്ഞു, “വിട്ടുപോവുക, പോയി നിങ്ങളുടെ ദൈവത്തെ സേവിക്കുക.”





ദൈവത്തിന്റെ
ജനം അതിവേഗം
മിസ്രയീമിന്റെ അതിരു
കടന്നുപോയി.



ദൈവത്തിന്റെ ദൂതൻ യിസ്രായേൽ
മക്കളുടെ വീടുകൾ
കടന്നുപോവുകയും

ഫറവോനെയും ജനത്തെയും
ആക്രമിക്കുകയും

ചെയ്തതിനാൽ ആ
പെസഹാരാത്രി ഓർത്ത്
ആചരിക്കുവാൻ ദൈവം
മോശെയോട് കല്പിച്ചു.



നീ നാനൂറ്റി മുപ്പത് വർഷം മിസ്രയീമിൽ കഴിഞ്ഞശേഷം ഇപ്പോൾ ദൈവത്തിന്റെ ജനം സ്വതന്ത്രരായി.



രാത്രി അഗ്നിസ്തംഭത്താലും
പകൽ മേഘസ്തംഭത്താലും
ദൈവം അവരെ നയിച്ചു.



എന്നാൽ ഫറവോൻ
യിസ്രായേല്യരെ
പൂർണമായും
വിട്ടുകളയുവാൻ
കൂട്ടാക്കിയില്ല. അവൻ
പിന്നെയും ദൈവത്തെ
മറന്നു. വീും
തന്റെ മനസ്സുമാറ്റി.



തന്റെ സൈന്യത്തെ ഒരുമിച്ചു കൂട്ടിക്കൊ് അവൻ ആ അടിമകളുടെ പിന്നാലെ വച്ചുപിടിച്ചു.



മലനിരകൾക്കും സമുദ്രത്തിനുമിടയിൽ അവൻ അവരെ കുടുക്കിലാക്കി.

മോശെ പറഞ്ഞു, “ദൈവം
നിങ്ങൾക്കുവേി യുദ്ധം ചെയ്യും.”
മോശെ മുമ്പോട്ടുചെന്ന് വെള്ളത്തിന്റെ
അരികിൽ നിന്നു, തന്റെ കൈ
വെള്ളത്തിന്മേൽ നീട്ടി.



ഒരു
മഹാത്ഭുതം
നടന്നു. ദൈവം
വെള്ളത്തിലൂടെ
ഒരു വഴി
തുറന്നു.



ജനങ്ങൾ
സുരക്ഷിതരായി
അക്കരെയെത്തി.

ഫറവോന്റെ സൈന്യം ചെങ്കടലിലെത്തി. ആ പട്ടാളക്കാർ ചിന്തിച്ചു. “ഞങ്ങൾ ഇപ്പോൾ അവരെ പിടിക്കും.” എന്നാൽ ദൈവം വെള്ളം അടച്ചു.



അങ്ങനെ മിസ്രയീമിലെ ശക്തന്മാരായ പട്ടാളക്കാർ മുങ്ങിപ്പോയി.



ഇപ്പോൾ ഫറവോൻ അറിഞ്ഞു
യിസ്രായേലിന്റെ ദൈവമാണ്
സകലത്തിന്റെയും ദൈവമെന്ന്.



ഫറവോന് വിട!

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

പുറപ്പാട് 4–15

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

അദ്ഭുതവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ
പാപമെന്ന് വിളിക്കുന്നു പാപത്തിനുള്ള ശിക്ഷ മരണമാണ്
.എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ
മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി
ക്രൂശിൽ മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക് അയച്ചു
യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും.
നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ
പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും
ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു
എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ, ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക. യോഹന്നാൻ 3:16